പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4224 — 21.07.2015 ലെ മറുപടിയ്ക്ക്

## കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി സ്പെഷൽ പാക്കേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി ഈ സർക്കാർ എന്തെല്ലാം സ്പെഷൽ പാക്കേജുകളാണ് നടപ്പിലാക്കിയത്; അതിനായി എത്ര തുക നീക്കിവച്ചിരുന്നു; അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ ; | (എ) കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവയാണ് കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി സർക്കാർ നടപ്പിലാക്കിയ സ്പെഷൽ പാക്കേജുകൾ. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾക്കായി 8534.447 ലക്ഷം രൂപയാണ് ലഭ്യമാക്കിയിരുന്നത്. 8546.756 ലക്ഷം രൂപ ചെലവഴിച്ചു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി ലഭ്യമാക്കിയ 1313.3726 ലക്ഷം രൂപയിൽ 1275.2309 ലക്ഷം രൂപ ചെലവഴിച്ചു. വിശദാംശം അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ സാങ്കേതികസഹായങ്ങൾ ഏതെല്ലാം വിധത്തിലാണ് കൃഷിവകുപ്പ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) സംസ്ഥാനത്തെ കർഷകർക്ക് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന വിവിധ പദ്ധതി ഘടകങ്ങളിലൂടെ സാങ്കേതിക സഹായം നൽകുന്നു.<br>• പ്രദർശനത്തോട്ടങ്ങളുടെ സജ്ജമാക്കൽ<br>• വിവിധ പരിശീലന പരിപാടികൾ<br>• സംസ്ഥാനത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കുന്ന പഠന യാത്രകൾ<br>• ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തിരം ലഭ്യമാക്കുന്ന ലീഫ് ലെറ്റുകൾ, പാംഫ് ലെറ്റുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലൂടെ ലഭ്യമാക്കുന്ന സാങ്കേതിക സഹായങ്ങൾ<br>• ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ കർഷകരിലെത്തിക്കുന്ന ചർച്ചകൾ, ഡോക്യുമെന്ററികൾ<br>• മൊബൈൽ സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന സന്ദേശങ്ങൾ, ശുപാർശകൾ<br>• കിസാൻ കാൾ സെന്റർ മുഖേന ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയവ |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വിവിധ കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ക്രോപ് ലോൺ എടുത്ത കർഷകർ വിളനാശം കാരണം ലോൺ തിരിച്ചടക്കുവാൻ കഴിയാതെ വിഷമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. വിളനാശം മൂലം കാർഷിക വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ വായ്പകൾക്ക് കാലാകാലങ്ങളിൽ മൊറട്ടോറിയം പ്രഖ്യാപിച്ചു വരുന്നു. കൂടാതെ മുൻകാലങ്ങളിലെ തിരിച്ചടവിന്റെ കൃത്യത പരിശോധിച്ച് വായ്പകളുടെ കാലാവധി നീട്ടിക്കൊടുക്കുവാനും പുനക്രമീകരിക്കുവാനുമുള്ള (ഉദാ:- ഹ്രസ്വകാല വായ്പ മദ്ധ്യകാല വായ്പയാക്കി മാറ്റൽ) നടപടികളും ബാങ്കുകൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

**ഇടുക്കി പാക്കേജ് - കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ പുരോഗതി റിപ്പോർട്ട്**

| പദ്ധതി | നാളിതുവരെ നടപ്പിലാക്കുവാൻ ലഭ്യമായ തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| സി.ഡി.ബി സമഗ്ര നാളികേര വികസന പദ്ധതി (കേന്ദ്ര വിഹിതം) | 266.25 | 246.745 |
| സി.ഡി.ബി സമഗ്ര നാളികേര വികസന പദ്ധതി (സംസ്ഥാന വിഹിതം) | 37.625 | 37.625 |
| മറയൂർ - കാന്തല്ലൂർ പ്രദേശങ്ങളിലെ കരിമ്പു കൃഷിയ്ക്ക് സാമ്പത്തിക സഹായം (ആർ.കെ.വി.വൈ പദ്ധതിയിലൂടെ) | 259.82 | 259.82 |
| ശീതകാല പച്ചക്കറി കൃഷി - വട്ടവട കാന്തല്ലൂർ മേഖലകളിൽ (സംസ്ഥാന ഹോർട്ടിക്കൾച്ചർ മുഖാന്തിരം) | 696.125 | 677.4883 |
| ഗ്രാൻഡിസ് മരങ്ങൾ നീക്കം ചെയ്ത് പച്ചക്കറികളുടെ കൃഷി വ്യാപനം | 53.5526 | 53.5526 |
| **ആകെ** | **1313.3726** | **1275.2309** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

## കുട്ടനാട് പാക്കേജ്

## പുരോഗതി റിപ്പോർട്ട് (31/05/2015)

| ക്രമ നമ്പർ | പദ്ധതി | ഫണ്ട് ഉറവിടം | പദ്ധതി നടപ്പിലാക്കുവാൻ ലഭ്യമായ തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | |
| 1. | യന്ത്രവത്ക്കരണവും ട്രെയിനിംഗും | ആർ.കെ.വി.വൈ | 5381.95 | 5395.07 |
| 2. | നെൽകൃഷി വികസനം | ആർ.കെ.വി.വൈ | 410.00 | 410.00 |
| 3. | എള്ള് കൃഷി വികസനം | ആർ.കെ.വി.വൈ | 20.00 | 20.00 |
| 4. | നെൽ വിത്ത് ഉല്പാദനം, സംസ്കരണം, വിതരണം | സീഡ് വില്ലേജ് പ്രോഗ്രാം | 451.50 | 451.495 |
| 5. | അഗ്രോ ക്ലിനിക് | ആത്മ | 64.8 | 64.8 |
| 6. | തെങ്ങ് കൃഷി വികസനം | നാളികേര വികസന ബോർഡ് | 1313.197 | 1312.391 |
| 7. | 13-ാം ധനകാര്യ കമ്മീഷൻ | 13-ാം ധനകാര്യ കമ്മീഷൻ | 893.00 | 893.0 |
| ആകെ | | | **8534.447** | **8546.756** |

സെക്ഷൻ ഓഫീസർ